"ഭരണഭാഷ - മാതൃഭാഷ"

പഞ്ചായത്ത് ഡയറക്ടറാഫീസ്,
എം4-22768/17 തിരുവനന്തപുരം, തീയതി: .07.2017

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും,

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ആഡിറ്റ് തടസ്സ രഹിത പഞ്ചായത്തുകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്.
സൂചന:- ബഹു. നിയമസഭാ സമിതി നിർദ്ദേശം.

കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളെയും ആഡിറ്റ് തടസ്സരഹിത പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിനായി വകുപ്പുതലത്തിൽ ഒരു കർമ്മ പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ആയതിലേക്ക് മുഴുവൻ ആഡിറ്റ് ഫയലുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി ആഡിറ്റ് തടസ്സ രജിസ്റ്ററുകൾ തയ്യാറാക്കാൻ 05.07.2017 ൽ ഇതേ നമ്പർ കത്തിലൂടെ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ പുരോഗതി പരിശോധിക്കാൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. അതോടൊപ്പം ആഡിറ്റ് ഫയലുകൾ കൈകാര്യം ചെയ്യുന്ന സീനിയർ ക്ലാർക്ക്, ഹെഡ്ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ ജോലി നോക്കി വരുന്ന മുഴുവൻ ജീവനക്കാർക്കും പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് തലത്തിൽ വിദഗ്ധരുടെ ഒരു ടീം രൂപീകരിച്ച് ആഡിറ്റ് വിഷയങ്ങളിന്മേൽ മറുപടി തയ്യാറാക്കുന്നതിനുള്ള ഒരു ദിവസത്തെ പരിശീലന ക്ലാസ് ആഗസ്റ്റ് 1 മുതൽ 10 വരെയുള്ള തീയതികൾക്കുള്ളിൽ സംഘടിപ്പിക്കാൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു. മുൻകാലങ്ങളിൽ തീർപ്പാക്കപ്പെട്ടിട്ടുള്ള ആഡിറ്റ് ഫയലുകളിന്മേൽ പഞ്ചായത്തുകൾ നൽകിയിട്ടുള്ള മറുപടികൾ പഠനവിഷയമാക്കേണ്ടതും പ്രസ്തുത മാതൃക യുക്തമായ രീതിയിലും നിലവിലുള്ള നിയമങ്ങളുടെ പരിധിയിലും പരിശോധിച്ചു മറുപടി തയ്യാറാക്കാൻ ജീവനക്കാരെ പരിശീലിപ്പിക്കേണ്ടതുമാണ്. ആഗസ്റ്റ് 14 മുതൽ 19 വരെ ആഡിറ്റ് ഒബ്ജക്ഷൻ ക്ലിയറൻസ് ക്ലിനിക്കുകൾ പി.എ.യു തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ നാളിതുവരെയുള്ള എൽ.എഫ്.എ, പി.എ.യു, എ.ജി, എൽ.എഫ്.എ സമാഹൃത റിപ്പോർട്ട്, എ.ജി സമാഹൃത റിപ്പോർട്ട്, സ്റ്റോർ പർച്ചേസ്

ഡിപ്പാർട്ട്മെന്റ് പരിശോധന റിപ്പോർട്ട്, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പരിശോധന റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ആഗസ്റ്റ് 21 മുതൽ 26 വരെ ജില്ലാ അടിസ്ഥാനത്തിൽ ആഡിറ്റ് അദാലത്തുകൾ നടത്തേണ്ടതും തടസ്സങ്ങളും പരാമർശങ്ങളും ഒഴിവാക്കാൻ പര്യാപ്തമായ മറുപടികൾ പഞ്ചായത്തുകൾ തയ്യാറാക്കിയത് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ പരിശോധിക്കുകയും ആയതിന്റെ കൃത്യത ഉറപ്പുവരുത്തി ബന്ധപ്പെട്ട ആഡിറ്റ് ഏജൻസിക്ക് ആയത് അയച്ച് കൊടുക്കുന്നതിനു പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഓരോ പഞ്ചായത്തും എത്രവീതം കേസുകൾ ഓരോ ഏജൻസിക്കും അയച്ചുവെന്നതിന്റെ റിപ്പോർട്ട് സെപ്റ്റംബർ 10-ാം തീയതിയ്ക്ക് മുൻപായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർക്ക് dpauditm@gmail.com എന്ന മെയിലിൽ അറിയിക്കേണ്ടതുമാണ്. 2017 നവംബർ 1ന് എല്ലാ ഗ്രാമ പഞ്ചായത്തുകളെയും ആഡിറ്റ് ഒബ്ജക്ഷൻ രഹിത പഞ്ചായത്തുകളായി പ്രഖ്യാപിക്കാൻ ഉതകുന്ന തരത്തിലുള്ള ഒരു പ്രവർത്തനം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

വിശ്വസ്തതയോടെ,

എം. പി. അജിത് കുമാർ
പഞ്ചായത്ത് അഡിഷണൽ ഡയറക്ടർ

സി.എസ്. 11.07.17